# ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- നീർവാഴ്ച ഉള്ള മണ്ണിൽ വേണം ലായനി ഉപയോഗിക്കാൻ.
- ചാരം, കുമ്മായം, രാസകീടനാശിനികൾ എന്നിവയുടെ കൂടെ ഉപയോഗിക്കരുത്.
- ലായനി ഉപയോഗിച്ച് 10-14 ദിവസത്തിനു ശേഷം മാത്രം രാസവളങ്ങളോ ഇതര കീടനാശിനികളോ പ്രയോഗിക്കാവൂ.
- തയ്യാറാക്കിയ ലായനി നിശ്ചിത സമയത്തിനുള്ളിൽ ഉപയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.




തയ്യാറാക്കിയത്

**പ്രവീണ ആർ, പ്രിയ ജോർജ് & ലിജോ തോമസ്**



പ്രസാധകൻ

**ഡയറക്ടർ, ഐ.സി.എ.ആർ-ഐ.ഐ.എസ്.ആർ**

(ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം)

കോഴിക്കോട് - 673012, കേരളം

കൂടുതൽ വിവരങ്ങൾക്ക്- 0495 2730704





iisr 2023/04 Extension Folder




# ട്രൈക്കോഡെർമ ബയോക്യാപ്സ്യൂൾ


**ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം**

**കോഴിക്കോട്, കേരളം**




## എന്താണ് ട്രൈക്കോഡെർമ ബയോക്യാപ്സ്യൂൾ

ട്രൈക്കോഡെർമയെന്ന മിത്രകുമിളിനെ എൻക്യാപ്സുലേഷൻ എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉയർന്ന സാന്ദ്രതയിൽ ജലാറ്റിൻ ക്യാപ്സ്യൂളുകളിൽ നിറയ്ക്കുന്നു.
ഇവ വിളകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും, രോഗപ്രധിരോധത്തിനും, പോഷകമൂലകങ്ങളുടെ ലഭ്യത കൂട്ടുവാനും വളർച്ച വർധിപ്പിക്കുന്നതിനും സഹായിക്കുന്നു.
ഒരു ഗ്രാം തൂക്കം വരുന്ന ക്യാപ്സ്യൂളിൽ $10^{12}$ മിത്ര സൂഷ്മാണുക്കൾ ഉണ്ടാകും.

## ഏതൊക്കെ രോഗങ്ങൾക്ക്

കുരുമുളകിലെ ദ്രുതവാട്ടം, ഏലത്തിലെ അഴുകൽ, തെങ്ങിലെ ചെന്നീരൊലിപ്പ്, ഇഞ്ചിയിലെ മൂടുചീയൽ പയറിലെ ചുവട് അഴുകൽ, പച്ചക്കറികളിലെ മൂടുചീയൽ എന്നിവയ്ക്ക് ഫലപ്രദമാണ്.

## ഉപയോഗക്രമം

ട്രൈക്കോഡെർമ അടങ്ങിയ ഒരു ക്യാപ്സ്യൂൾ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക (തിളപ്പിച്ചാറിയ വെള്ളത്തിൽ ലയിപ്പിക്കുന്നതാണ് ഉചിതം). ഈ ലായനി 100 ലിറ്റർ സാധാരണ വെള്ളം ചേർത്ത് നേർപ്പിക്കുക. ഇങ്ങനെ തയ്യാറാക്കിയ ലായനി രണ്ടു മണിക്കൂറിനകം ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കണം. ചെടികളുടെ ചുവടിന് ചുറ്റും ആവശ്യമായ അളവിൽ ലായനി ഒഴിക്കുക. ഉദാഹരണത്തിന് നല്ല വളർച്ച എത്തിയ കുരുമുളക് വള്ളിയ്ക്ക് ഏകദേശം 5 - 8 ലിറ്റർ ലായനി വേണ്ടിവരും. ലായനി മണ്ണിൽ ഒഴിച്ചു കൊടുക്കുന്ന സമയത്ത് മണ്ണിൽ ധാരാളം ജൈവാംശം ഉണ്ടായിരിക്കുന്നത് ഈ മിത്രകുമിളിന് പെരുകാൻ അനുകൂല സാഹചര്യം ഒരുക്കും.